# കുണ്ടറ സിറാമിക്സ് അടച്ചുപൂട്ടൽ ഭീഷണിയിൽ

രൺജിത് ടി.

കൊല്ലം: കളിമൺ ഉത്പന്നങ്ങൾക്ക പേരുകേട്ട കുണ്ടറയിലെ പൊതുമേഖലാ സ്ഥാപനമായ സിറാമിക്സ് ഫാക്ടറി അടച്ചുപൂട്ടൽ ഭീഷണി നേരിടുന്നു. ഫാക്ടറിയുടെ പോസ്റ്റലയിൻ ഡിവിഷൻ താൽക്കാലിക നടപടിയെന്ന നിലയ്ക്ക് അടച്ചുപൂട്ടിയിരിക്കുകയാണ്.

കഴിഞ്ഞവർഷം സർക്കാർ 40 ശതമാനം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതോടെയാണ് പോസ്റ്റലയിൻ ഡിവിഷൻ കടുത്ത പ്രതിസന്ധിയിലായത്. വർഷംതോറും 64 ലക്ഷം രൂപയുടെ അധിക ബാധ്യതയാണ് ഇതുമൂലമുണ്ടായത്. കാലാകാലങ്ങളിൽ ഫർണസിന വേണ്ട അറ്റകുറ്റപ്പണികൾ നടത്താനോ മെച്ചപ്പെട്ട സംവിധാനങ്ങളേർപ്പെടുത്താനോ മുതിരാതിരുന്ന മാനേജ്മെൻറുകളുടെ നിരുത്തരവാദപരവും അഴിമതി നിർഭരവുമായ നടപടികളാണ് പ്രതിസന്ധിക്ക കാരണമായത്.

അടച്ചുപൂട്ടലിന്റെ ആദ്യപടിയെന്നവണ്ണം 6 വർഷം വരെ സർവീസുള്ള 80 കാഷ്വൽ തൊഴിലാളികളെ പിരിച്ചുവിട്ടു. 149 സ്ഥിരം തൊഴിലാളികളിൽ 100 പേരെ കയോലിൻ ഡിവിഷനിലേക്ക സ്ഥലംമാറ്റി. ഇതുമൂലം കയോലിൻ ഡിവിഷൻ കൂടി പ്രതിസന്ധിയിലായിരിക്കുകയാണ്.

കഴിഞ്ഞ ജൂണിൽ മാനേജ്മെൻറ് തൊഴിലാളി യൂണിയനുകൾക്ക നല്കിയ രേഖയിൽ തന്നെ കമ്പനി അടച്ചുപൂട്ടാൻ പോകുന്നതിന്റെ സൂചനയുണ്ടായിരുന്നു. ഇതിനെതിരേ പ്രക്ഷോഭണം വളർത്തിയെടുക്കുന്നതിൽ യൂണിയൻ നേതൃത്വങ്ങൾ പരാജയപ്പെടുകയാണുണ്ടായത്.

കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ ആലുവ കഴിഞ്ഞാൽ പിന്നെ അടുത്തസ്ഥാനം കുണ്ടറയ്ക്കായിരുന്നു. അന്താരാഷ്ട്ര പ്രശസ്തിയാർജിച്ചവയാണ് ഇവിടുത്തെ പോസ്റ്റലെയിൻ ഉത്പന്നങ്ങൾ. ജാപ്പനീസ് വിദഗ്ധർ വരെ ഇവിടെ വന്നു സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഏഷ്യയിലെത്തന്നെ ഏറ്റവും പശിമയുള്ള സിറാമിക്സ് എന്ന ഖ്യാതിയും കുണ്ടറയിലെ കളിമണ്ണിനുണ്ട്. ഇവിടെ നിർമിക്കുന്ന ക്ലോസറ്റുകളും വാഷ് ബേസിനുകളും ഡിന്നർ സെറ്റുകളും ഇതര കമ്പനികളുടെ ഉത്പന്നങ്ങളെ അപേക്ഷിച്ച് ഏറെ മെച്ചപ്പെട്ടതെന്ന അംഗീകാരം നേടിയിട്ടുണ്ട്.

വ്യവസായത്തിന് ഹാനികരമല്ലാത്തൊരു നയം സർക്കാർ സ്വീകരിക്കുകയും അഴിമതി രഹിതവും ദീർഘവീക്ഷണമുള്ളതുമായ മാനേജ്മെൻറ് സംവിധാനം ഉറപ്പാക്കുകയും ചെയ്താൽ ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്നതാണ് കുണ്ടറയിലെ സിറാമിക്സ് ഫാക്ടറി. എന്നാൽ, മാവൂരിൽ ബിർളയ്ക്ക വൈദ്യുതി നല്കിയതിന്റെ 20 ഇരട്ടി വിലയ്ക്കാണ് സിറാമിക്സിന് സർക്കാർ വൈദ്യുതി നല്കുന്നത്. കമ്പനിയിൽ ഉന്നത സ്ഥാനം വഹിച്ച പലർക്കും ഈ മേഖലയിലെ സ്വകാര്യ സംരംഭകരുമായി അവിഹിത ബന്ധം ഉണ്ടായിരുന്നതായി ആരോപണമുണ്ട്.

അലിൻഡ്, ട്രാവൻകൂർ കെമിക്കൽസ്, ലക്ഷ്മി സ്റ്റാർച്ച്, കെൽ എന്നിങ്ങനെ തകർന്ന ഫാക്ടറികളുടെ കൂട്ടത്തിലേക്ക് കേരള സിറാമിക്സ് ഫാക്ടറി കൂടി.

(കടപ്പാട്: യൂണിറ്റി)